3822
25/2/19

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - വയനാട് ജില്ല – ജമ്മു & കാശ്മീരിലെ പുൽവാമയിൽ വെച്ച് ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സി.ആർ.പി.എഫ് ഹവിൽദാർ ശ്രീ. വി.വി.വസന്തകുമാറിന്റെ കുടുംബത്തിന് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

ജി.ഒ. (എം.എസ്) 68/2019/റവ. തിരുവനന്തപുരം, തീയതി, 23.02.2019

പരാമർശം :- വയനാട് ജില്ലാ കളക്ടറുടെ 15.02.2019 തീയതിയിലെ DCWYD/2042/2019/H5 നമ്പർ കത്ത്.

**ഉത്തരവ്**

ജമ്മു & കാശ്മീരിലെ പുൽവാമയിൽ വെച്ച് ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സി.ആർ.പി.എഫ് ഹവിൽദാർ ശ്രീ. വി.വി.വസന്തകുമാറിന്റെ ഭാര്യയ്ക്ക് (ശ്രീമതി. ഷീന, വാഴക്കണ്ടി വീട്, ലക്കിടി പി.ഒ., വെറ്ററിനറി കോളേജിന് സമീപം, വയനാട്) 15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയും, മാതാവിന് (ശ്രീമതി. ശാന്ത, വാഴക്കണ്ടി വീട്, ലക്കിടി പി.ഒ., വെറ്ററിനറി കോളേജിന് സമീപം, വയനാട്) 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയും ചേർത്ത് ആകെ **25,00,000/- രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.വിതരണത്തിനാവശ്യമായി വരുന്ന **25,00,000/- രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, വയനാട്
തഹസിൽദാർ, വൈത്തിരി
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
കൃഷി (മൃഗസംരക്ഷണം) വകുപ്പ്
സഹകരണ വകുപ്പ് അറിവിലേക്ക്
സൈനികക്ഷേമ വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
പൊതുഭരണ (എസ്. സി.) വകുപ്പ്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ